**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**23 June 2017 / 28 Ramadan 1438 Hijira)**

# ADVICES BEFORE THE EID-UL-FITR /
# ഈദുൽഫിത്ർ ചില ഉപദേശങ്ങൾ

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം** ഈദുൽഫിത്ർ ചില ഉപദേശങ്ങൾ **എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

അനുഗ്രഹീതമായ റമദാൻ മാസത്തിന്റെ അവസാന ദിനങ്ങളിലാണ് നാമിപ്പോൾ. ഈ മാസം തീർച്ചയായും കടന്നുപോകാൻ അടുത്തിരിയ്ക്കുന്നു. ഇബാദത്തിനും (ആരാധന) പൊറുക്കലിനെ തേടാനുമുള്ള അസുലഭാവസരങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്തിയവർ ഭാഗ്യവാന്മാർ ! ഓർക്കുക നിങ്ങൾക്കനുകൂലമായോ പ്രതികൂലമായോ സാക്ഷിപറയാൻ ഈ റമദാനും ഉണ്ടായേക്കും. വിശ്വാസത്തോടൊപ്പം സദ്പ്രവൃത്തികൾ കൊണ്ട് ഈ മാസത്തെ അനുഗ്രഹീതമായി അടയാളപ്പെടുത്തിയവർ ഇക്കാര്യത്തിൽ അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിക്കുക. അത്തരം സദ്വൃത്തികൾ റമദാനു ശേഷവും തുടർന്നുകൊണ്ടിയിരിയ്ക്കുക. റമദാൻ മാസത്തിലെ വ്രതത്തിനുള്ള പ്രതിഫലം അല്ലാഹു (ത) തന്നെയാണ് തീർച്ച. അല്ലാഹു (ത) അവന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നത് വ്രതനാളുകളിലും ലൈലത്തുൽഖദ്ർ പ്രതിഭാസത്തിലൂടെയും ആണ്. ഈ ആത്മീയാവസരങ്ങളിൽ ഉൾപ്പെട്ടിരിയ്ക്കുന്ന ദിവ്യകാരുണ്യവും അനുഗ്രഹങ്ങളും ഏറ്റുവാങ്ങാൻ അവസരം ലഭിച്ചവർ ഭാഗ്യവാന്മാർ തന്നെ ! തീർച്ചയായും ഒരാത്മാവിനും അതിന്റെ ന്യായപൂർണ്ണവും നീതിയുക്തവും ആയ പ്രതിഫലം നിഷേധിക്കുകയില്ല, അല്ലാഹു.

വിശുദ്ധഖുർആനിൽ, അല്ലാഹു പറയുന്നു. കടുക് മണിയോളം നന്മ ആര് ചെയ്യുന്നവോ അതിന്റെ ഫലം കണ്ടെത്തപ്പെടും (99 : 8)

റമദാൻ അവസാനിയ്ക്കുമ്പോൾ ആചരിയ്ക്കുന്നതിനായി വിവിധതരത്തിലുള്ള ആരാധനാക്രമങ്ങൾ അല്ലാഹു (ത) മുസ്ലിംകൾക്കായി കല്പിച്ചിരിക്കുന്നു. ദൈവസ്നേഹവും ഭയഭക്തിയും പ്രകടിപ്പിക്കുന്നതിനും നമ്മുടെ വിശ്വാസത്തെ കൂട്ടിയുറപ്പിക്കുന്നതിനും നമ്മുടെ സദ്വൃത്തികളുടെ ഭാരം അധികരിപ്പിക്കുന്നതിനും ഇത്തരം ആരാധനക്രമങ്ങൾ സഹായിക്കുന്നു.

## തക്ബീർ

അല്ലാഹുവിന്റെ മഹോന്നതപദവിയുടെ പ്രഘോഷണമാണ് തക്ബീർ. റമദാൻ മാസാന്ത്യത്തിലെ സൂര്യാസ്തമയത്തോടെയാണ് ശവ്വാൽ മാസപ്പിറവി ദൃശ്യമാകുന്നത്. ഈദുൽഫിത്ത്ർ ആരംഭിയ്ക്കുന്നത് പുതിയ മാസപ്പിറവിയുടെ ആരാത്രിയിലാണ്. ഇസ്ലാമിൽ ചാന്ദ്രികവർഷമായതിനാൽ പ്രധാന്യമർഹിയ്ക്കുന്നത് പകലിനു മുന്നേവരുന്ന രാത്രിയ്ക്കാണ്. അതുകൊണ്ട് പുതിയ ഹിജറ തീയതി ആരംഭിയ്ക്കുന്നത് സൂര്യസ്തമയത്തോടെയാണ്. അതുകൊണ്ട് ഇന്ന് വെള്ളിയാഴ്ച്ച ജുംആദിനം, 28 റമദാൻ 1438 ഹിജ്റ വർഷം. മഗ്രീബ് നമസ്ക്കാരം ആരംഭിക്കുന്നതോടെ, അടുത്ത ദിവസം ആരംഭിയ്ക്കുന്നു ശനിയാഴ്ച റമദാന്റെ അവസാനദിനത്തിൽ നമ്മൾ തറാവീഹ് നമസ്ക്കാരം അനുഷ്ഠിക്കുകയില്ല. മഗ്രീബ് നമസ്ക്കാരത്തോടെ പുതിയ ദിവസം ആരംഭയ്ക്കുന്നതിനാൽ, ഈദ്-ന്റെ പുതിയ ദിനം ആരംഭിയ്ക്കുന്നുതും മഗ്രീബോടെ തന്നെയാണ്. അതുകൊണ്ട്, വരുന്ന ഞായറാഴ്ച രാത്രി, മാസപ്പിറവി ഇൻശാ അല്ലാഹ് ദൃശ്യമാകുന്നതോടെ, റമദാൻ 30 ദിനം പൂർത്തിയാക്കി, ഈദുൽഫിത്ത്ർ ആരംഭിയ്ക്കാം.

നിങ്ങളുടെ ശ്രദ്ധ ഒരു കാര്യത്തിലേക്ക് ക്ഷണിയ്ക്കട്ടെ മുപ്പതാം തീയതി മാസപ്പിറവി ദൃശ്യമായാലും ഇല്ലെങ്കിലും ഇസ്ലാമിക കലണ്ടറിൽ അടുത്ത ദിവസം പുതിയമാസം ആരംഭിയ്ക്കും. സൂര്യവർഷത്തിലേതുപോലെ 31 ദിവസങ്ങൾ ഉൾകൊള്ളുന്ന മാസങ്ങൾ ചന്ദ്രവർഷകലണ്ടറിൽ ഇല്ല. 29-ഓ 30 -ഓ ദിവസങ്ങൾ

പൂർത്തിയാക്കുമ്പോൾ ഹിജ്റ വർഷപ്രകാരമുള്ള ഒരു മാസം പൂർത്തിയാകും. ഹസ്രത്ത് ആയിശ (റ) യിൽ നിന്നുള്ള ഹദീസ് നിവേദനം.

ശഅ്ബാൻ മാസത്തിൽ, മറ്റു മാസങ്ങളെ അപേക്ഷിച്ച് ദിവസങ്ങൾ എണ്ണുന്നതിൽ അല്ലാഹുവിന്റെ ദൂതർ (സ) അത്യധികം ഔൽസുക്യം കാട്ടിയിരുന്നു. റമദാൻ മാസപ്പിറവിയുടെ ചന്ദ്രൻ ദൃശ്യമായാൽ അവിടുന്ന് വ്രതാനുഷ്ഠാനം ആരംഭിയ്ക്കുമായിരുന്നു. ശവ്വാൽ മാസപ്പിറവി ദൃശ്യമാകുന്നതു വരെ ആ വ്രതാനുഷ്ഠാനം തുടർന്നു പോയിരുന്നു. ആകാശം മേഘാവൃതമാകുകയും മാസപ്പിറവി ദൃശ്യങ്ങൾ പറ്റാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ നബിതിരുമേനി മുപ്പതുദിവസം വ്രതാനുഷ്ഠാനം പൂർത്തിയാക്കിയിരുന്നു (അബൂദാവൂദ്)

ഹസ്രത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതൻ (സ) പറഞ്ഞു പിറവിചന്ദ്രനെ കണ്ടാൽ റമദാൻ മാസത്തെ വ്രതം ആരംഭിയ്ക്കുക ശവ്വാൽ മാസത്തെ പിറവിചന്ദ്രനെ കണ്ടാൽ വ്രതം അവസാനിപ്പിക്കുക. ആകാശം മേഘാവൃതമെങ്കിൽ, മുപ്പതു ദിവസത്തെ വ്രതം പൂർത്തിയാക്കുക അതുകൊണ്ട്, റമദാൻ മാസാന്ത്യത്തിലെ മഗ്രിബ് നമസ്ക്കാരത്തോടെ, ഈദിന്റെ തക്ബീർ ആരംഭിയ്ക്കാം. നമ്മുടെ നബിതിരുമേനി ഹസ്രത്ത് മുഹമ്മദ് (സ) ചെയ്തിരുന്നതുപോലെ റമദാനുശേശം നാം കാണുന്ന പിറവി ചന്ദ്രൻ ഈദുൽ ഫിത്റിന്റേതാണ്. അപ്പോൾ, നാം ഈദ് ആഘോഷിക്കും എല്ലാവർക്കും ഈദ്മുബാറക് ആശംസിയ്ക്കും. അങ്ങനെ, റമദാൻ ഔദ്യോഗികമായി അവസാനിയ്ക്കുന്നു.

വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. നിങ്ങൾ വ്രതാനുഷ്ഠാനത്തിന്റെ നിശ്ചിതകാലം പൂർത്തിയാക്കണമെന്ന അവൻ ആഗ്രഹിയ്ക്കുന്നു. അവന്റെ മഹത്വത്തെ പ്രകീർത്തിയ്ക്കുക, നിങ്ങളെ അവൻ വഴികാട്ടിയതിനാൽ ; ഒരു പക്ഷേ, നിങ്ങൾ കൃതാർത്ഥരായി മാറിയേക്കാം (അൽബഖറ, 2 : 186)

## തക്ബീർമുഴക്കത്തിന്റെ പ്രാധാന്യം

തക്ബീർ ഇങ്ങനെ അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു, വല്ലാഹു അക്ബർ അല്ലാഹു അക്ബർ വ ലില്ലാഹിൽ ഹംദു

അല്ലാഹു വലിയവൻ ! അല്ലാഹു വലിയവൻ !

അല്ലാഹു അല്ലാതെ വേറൊറുദൈവമില്ല !

അല്ലാഹു വലിയവൻ ! അല്ലാഹു വലിയവൻ !

സർവ്വസ്തുതികളും അർഹിയ്ക്കുന്നത് അവൻ മാത്രം !

നബിതിരുമേനിയുടെ സുന്നത്ത് അനുസരിച്ച് വിശ്വാസികളായ പുരുഷന്മാർ തക്ബീർ ഉറക്കെ മുഴുക്കേണ്ടതാണ്. പള്ളികളിലും സ്വന്തം ഭവനങ്ങളിലും ശവ്വാൽ മാസപ്പിറവി വിളംബരപ്പെടുത്തുന്ന ചാന്ദ്രിക ദർശനത്തെ തുടർന്നുള്ള നിർബന്ധിത നമസ്കരാനന്തരം പ്രത്യേകിച്ചു തക്ബീർ മുഴക്കേണ്ടതാണ്. സ്ത്രീകളോടുള്ള ഉപദേശമെന്തെന്നാൽ അവർ തങ്ങളുടെ തക്ബീർ നിശ്ശബ്ദമായി ചൊല്ലേണ്ടതാണ്. അവരുടെ ശബ്ദം മറയ്ക്കാൻ മതവിധികളുള്ളതിനാലാണ് ഇത്. എന്നാൽ, അന്യപുരുഷന്മാർ സമീപമില്ലാത്ത അവസ്ഥയിൽ, മറ്റു സ്ത്രീകൾക്കിടയിൽ ആയിരിക്കുമ്പോൾ തക്ബീർ മറ്റുള്ളവർ കേൾക്കുന്ന വിധം ഒരു സ്ത്രീക്ക് ചൊല്ലാവുന്നതാണ്.

തന്റെ വിശ്വാസികളായ ദാസന്മാർക്ക് വേണ്ടി അല്ലാഹു (ത) എല്ലാ വെള്ളിയാഴ്ചകളും ജുംആ നമസ്ക്കാരത്തിന്റെ ഈദ് (ഈദുൽ ജുംആ) ആക്കിയിരിയ്ക്കുന്നു. അതുകൂടാതെ, മറ്റു രണ്ടു പ്രധാന ആഘോഷാവസരങ്ങളും മുസ്ലിംകൾക്കുണ്ട്. വ്രതാനുഷ്ഠാന മാസത്തിന്റെ അന്ത്യത്തിലെത്തുന്ന ഈദുൽ ഫിത്റും, ബലിസ്മരണകൾ ഉണർത്തുന്ന ഈദുൽ അദ്ഹയും ഈ രണ്ടു പ്രധാന ഈദ് ദിനങ്ങൾക്കിടയിൽ, പ്രാധാന്യത്തിന്റെ കാര്യത്തിൽ ഈദുൽ അദ്ഹയ്ക്കുശേഷമാണ്, ഈദുൽഫിത്ർ വരുന്നത്. ഈദുൽ അദ്ഹ, ഈദുൽ കബീർ (വലിയ പെരുന്നാൾ) എന്നറിയപ്പെടുന്നു. ഈദുൽഫിത്ർ ഈദുൽ സഗീർ (ചെറിയ പെരുന്നാൾ) എന്നും അറിയപ്പെടുന്നു. രണ്ടു പെരുന്നാൾ അവസരങ്ങളിലും വിശ്വാസികളായ സ്ത്രീകളുടേയും പുരുഷ്ന്മാരുടേയും പങ്കാളിത്തം വളരെ പ്രാധാന്യമർഹിക്കുന്നു. മുമ്പേ വ്യക്തമാക്കിയിട്ടുള്ളതുപോലെ, സ്ത്രീയും ഒരു സത്യവിശ്വാസിയാണ്, പള്ളിയിലും ഈദ്റാഹിയും അവർക്കും സ്ഥാനമുണ്ട്. പെരുന്നാൾ പ്രാർത്ഥനയും പ്രസംഗവും നടക്കുന്ന മൈതാനത്ത് അവർക്കും പങ്കെടുക്കാം. പുരുഷ്ന്മാർക്കു മാത്രമല്ല, സ്ത്രീകൾക്കും ഈദിന്റെ ഗുണങ്ങളും അനുഗ്രഹങ്ങളും പരമാവധി ആർജ്ജിച്ചെടുക്കാൻ അവകാശമുണ്ട്.

അല്ലാഹുവിന്റെ ദൂതൻ, സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്ന തന്റെ അനുചരന്മാരോട് ഈ പ്രാർത്ഥനാ രീതി തുടരാൻ കല്പിച്ചു. വീടുകളിൽ നിന്ന് ഈദു നമസ്ക്കാരം നടക്കുന്ന സ്ഥലത്തേക്ക് പോകുവാൻ സ്ത്രീകളോട് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ കല്പന എല്ലാവരും അനുസരിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ, അല്ലാഹു (ത) പറയുന്നു.

വിശ്വാസികളേ ! അല്ലാഹുവിനെ അനുസരിയ്ക്കുക; അവന്റെ ദൂതനേയും അനുസരിയ്ക്കുക നിങ്ങളുടെ പ്രവർത്തികളെ നിഷ്ഫലമാക്കരുത് (സൂറാ മുഹമ്മദ്, 47 : 34)

ഹസ്രത് ഉമ്മു അതിയ്യാ (റ)യുടെ നിവേദനം ഈദ് ദിനത്തിൽ വീട് വിട്ട് പുറത്തേയക്കു വരുവാൻ ഞങ്ങളോട് കല്പിക്കപ്പെട്ടിരുന്നു. കന്യകകളായ പെൺകുട്ടികളോടും ആർത്തവക്കാരായ സ്ത്രീകളോടും പുറത്തുവരാൻ കല്പിക്കപ്പെട്ടു. പുരുഷന്മാർക്ക് പിറകിൽ അണിനിരന്ന് തക്ബീർ ചൊല്ലാനും അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് അവന്റെ അനുഗ്രഹങ്ങൾക്കായി അന്നേ ദിവസം പ്രതീക്ഷിയ്ക്കാനും പാപമുക്തിയ്ക്കായ് പ്രാർത്ഥിക്കുവാനും വേണ്ടിയായിരുന്നു അത്.

മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണാം. ഹസ്രത്ത് ഉമ്മു അത്തിയ്യാ (റ) യുടെ നിവേദനം ഈദുൽ ഫിത്ർ, ഈദുൽ അദ്ഹ പ്രാർത്ഥനകളിൽ പങ്കെടുക്കാൻ, വീട് വിട്ട് വരാൻ സ്ത്രീകളോട് അല്ലാഹുവിന്റെ ദൂതൻ കല്പിച്ചു. കന്യകകളായ പെൺകുട്ടികൾക്കും ആർത്തവക്കാരായ സ്ത്രീകൾക്കും ഈ കല്പന ബാധകമായിരുന്നു. ആർത്തവദിനം ആചരിയ്ക്കുന്ന സ്ത്രീകൾക്ക് പ്രാർത്ഥന നിർബന്ധമല്ല ! എന്നാൽ മറ്റ് സദ്കാര്യങ്ങളിൽ അവർക്ക് പങ്കെടുക്കാം, അർത്ഥനകളും നടത്താം. ഹസ്രത് ഉമ്മു അതിയ്യാ (റ) ദൈവദൂതരോട് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ ! ഞങ്ങളിൽ ചിലർക്ക് മാടിപ്പുതയ്ക്കാൻ മേൽ വസ്ത്രമില്ല. സുഹൃത്തിൽ നിന്നും കടം വാങ്ങി ഉപയോഗിയ്ക്കുക എന്നു നബി തിരുമേനി ഉപദേശിച്ചു (ബുഖാരി & മുസ്ലിം)

## ഫിത്ർ സക്കാത്ത്

തക്ബീർ ധ്വനിമുഴക്കുന്നതിനു പുറമേ ചെയ്യേണ്ട മറ്റൊരു പ്രാർത്ഥന രീതിയാണ് ഫിത്ർ സക്കാത്ത് - സദഖത്തുൽ ഫിത്ർ എന്നും അറിയപ്പെടുന്നു- നല്കുകയെന്നത്. ഇസ്ലാമിന്റെ നെടും തൂണുകളിൽ ഒന്നായ സക്കാത്ത് നല്കാനുള്ള ബാദ്ധ്യതയുമായി ഫിത്ർസക്കാത്തിനെ കൂട്ടികുഴയ്ക്കുവാൻ പാടില്ല. ഫിത്ർ സക്കാത്ത് എന്നത് നിശ്ചിതവരുമാനം സമ്പത്തായി ഉള്ള ഏതൊരു മുസ്ലിമിന്റേയും ബാദ്ധ്യതയാണ്. ഈദുൽഫിത്ർ നമസ്ക്കാരത്തിനു മുമ്പേ അത് കൊടുത്തിരിക്കേണ്ടതാണ്. സമയപരിധിക്കുള്ളിൽ ചെയ്യേണ്ട സത്കർമ്മമാണത് ഹസ്രത് അബ്ദുല്ലാ ഇബ്നു ഉമർ (റ) ൽ നിന്നുള്ള നിവേദനം കേൾക്കുക. ഈദ് നമസ്ക്കാരത്തിനു പോകും മുമ്പേ ഫിത്ർ സക്കാത്ത് നല്കണമെന്ന് അല്ലാഹുവിന്റെ ദൂതൻ ജനങ്ങളോട് കല്പിച്ചു.

## ഹസ്രത്ത് അബ്ദുല്ലാ ഇബ്നു ഉമർ (റ) ൽ നിന്നുള്ള മറ്റൊരു നിവേദനം

ഓരോ മുസ്ലിമും - സ്ത്രീയോ, പുരുഷനോ, സ്വതന്ത്രനോ, അടിമയോ, യുവാവോ, വൃദ്ധനോ - ഫിത്ത്ർ സക്കാത്തായി നല്കേണ്ടതെന്തെന്ന് അല്ലാഹുവിന്റെ ദൂതൻ വ്യക്തമാക്കി; ഒരു തോൽ (ഏകദേശം മൂന്നു കിലോഗ്രാം) ധാന്യം അല്ലെങ്കിൽ ഈന്തപ്പഴം, ജനങ്ങൾ ഈദ്നമസ്ക്കാരത്തിനായ് പോകുന്നിനു മുൻപേ അത് നല്കുക.

ഹസ്രത് അബൂസൈദ് അൽകുദ്രി (റ) ൽ നിന്നുള്ള ഹദീസ് നിവേദനം ഫിത്ർസക്കാത്ത് ആയി ഞങ്ങൾ നല്കിയിരുന്നത് ഭക്ഷണമോ, ധാന്യമോ, ഉണക്കമുന്തിരിയോ, കടഞ്ഞെടുത്ത വെണ്ണയോ ആയിരുന്നു ആളോഹരി ഒരു തോൽ (ഏകദേശം മൂന്ന് കിലോഗ്രാം ആയിരുന്നു. (ബുഖാരി & മുസ്ലിം)

ഈദുൽഫിത്ത്ർ പ്രാർത്ഥനയ്ക്കായി പോകുന്നതിനു മുമ്പ് കുറച്ച് ഈന്തപ്പഴങ്ങൾ (എണ്ണം ഒറ്റ അക്കത്തിൽ) കഴിക്കുന്ന പതിവ് നമുക്ക് പ്രീയങ്കരനായ നബിതിരുമേനിയ്ക്ക് ഉണ്ടായിരുന്നു. തിരുസുന്നത്ത് അനുസരിച്ചു നോക്കുമ്പോൾ,

അപ്രകാരം വിശ്വാസികളും കഴിയ്ക്കുന്നത് നന്നായിരിയ്ക്കും. എന്നു നിങ്ങളോട് പറയണം എന്നു ഞാൻ ഓർത്തു. ഹസ്രത്ത് അനസ് ഇബ്നുമാലിക് (റ) ൽ നിന്നുള്ള നിവേദനം

ഈന്തപ്പഴങ്ങൾ ഒറ്റയക്കയെണ്ണത്തിൽ കഴിക്കാതെ നബിതിരുമേനി (സ) ഈദുൽഫിത്ത്ർ പ്രാർത്ഥനയ്ക്കായി പോയിരുന്നില്ല (ബുഖാരി & അഹ്മദ്)

ഈദുൽഫിത്ത്ർ ആഘോഷങ്ങൾ മൊത്തത്തിൽ, വിശേഷിച്ചും ഈദ് നമസ്ക്കാരം, വളരെ വിനയത്തോടെയും, ഭക്തി പുരസരവും വേണം നിർവ്വഹിയ്ക്കുവാൻ വിശ്വാസികൾ സ്ത്രീകളും പുരുഷ്നമാരും - നല്ല വസ്ത്രം ധരിക്കേണ്ടതാണ്. അന്നേദിവസം തക്ബീർ ധ്വനികൾ മുഴക്കി അല്ലാഹുവിന്റെ ഏകത്വത്തെ പ്രഘോഷിച്ച്, ആത്മാവിന്റെ സൗന്ദര്യത്തെ വെളിപ്പെടുത്തേണ്ട അവസരമാണ് ഈദ്, ദൈവീക സ്മരണയിലൂടെയും മറ്റ് ആരാധനകൾ ചെയ്യുന്നതിലൂടെയും സദ്വൃത്തികളിൽ ഏർപ്പെട്ടും ഇത് ചെയ്യാവുന്നതാണ്. തീർച്ചയായും സന്തോഷിയ്ക്കാനുള്ള ഒരവസരമാണിത്. പ്രത്യേകിച്ചും അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് റമദാന്റെ നിയന്ത്രണ നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ നിരീക്ഷിച്ച് പ്രവർത്തിയ്ക്കുന്നവർക്ക് ! അങ്ങനെയുള്ളവർക്ക് തീർച്ചയായും ശരിയായ ഈദ് ആഘോഷിയ്ക്കാം അതുകൊണ്ടു തന്നെ, എന്റെ എല്ലാ ശിഷ്യന്മാർക്കും അനുചരവൃന്ദങ്ങൾക്കും മറ്റുള്ള മുസ്ലിം ലോകജനതയ്ക്കും ഞാൻ ഈദുൽഫിത്ർ മുബാറക് നേരുകയാണ്, നേരത്തെതന്നെ ! അല്ലാഹു (ത) നിങ്ങളയെല്ലാം അനുഗ്രഹിയ്ക്കട്ടെ, ഈ അനുഗ്രഹീത മാസത്തിലെ നിങ്ങളുടെ ത്യാഗങ്ങളെ അവൻ സ്വീകരിയ്ക്കട്ടെ. അവന്റെ സ്വീകരണത്തിനും അനുഗ്രഹങ്ങൾക്കും നിങ്ങൾ പാത്രീഭൂതരാകട്ടെ, ആമീൻ

**Issued by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**

**Translated by:**

**Hazrat Mukarram FAZIL JAMAL**